6. Ist ഗ്രേഡ് ടൈപ്പിസ്റ്റ്	-	100%
7. ക്ലാർക്ക്/കാഷ്യർ	-	17%
8. റിക്കോർഡ്കീപ്പർ/ബിൽ കളക്ടർ/ഡഫേദാർ/ഷ്രോഫ്/ കെയർ ടേക്കർ	-	100%
9. പ്യൂൺ/വാച്ച്മാൻ/ലിഫ്റ്റ് ഓപ്പറേറ്റർ	-	ചട്ടം 187 പ്രകാരം അംഗസംഘങ്ങളിലെ ജീവനക്കാർക്കായി സംവരണം ചെയ്തിട്ടുള്ള 50% ഒഴിവുകളിൽ 10% ജില്ലാ ബാങ്കിലെ യോഗ്യരായ പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് പ്രൊമോഷൻ വഴിയുള്ള നിയമനമാണ്.

(സി) ഉണ്ട്. പരാതി സംബന്ധിച്ച് സഹകരണ വകുപ്പ് ഉദ്യോഗസ്ഥർ അന്വേഷണം നടത്തിയിട്ടുണ്ട്. കൂടാതെ ഇക്കാര്യം സഹകരണ വിജിലിൻസ് അന്വേഷിച്ചു വരികയാണ്.

(ഡി) അന്വേഷണ റിപ്പോർട്ട് ലഭിച്ചതിനുശേഷം തീരുമാനിക്കുന്നതാണ്.

കേരളീയം പദ്ധതി

34(2286) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ വർഷം നടത്തിയ കേരളീയം പദ്ധതിയിൽ എത്ര കോടി രൂപ സമാഹരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ നിക്ഷേപം സമാഹരിച്ചതിൽ ഏതൊക്കെ ജില്ലകളാണ് മുൻപന്തിയിലെന്ന് വ്യക്തമാക്കുമോ ;

(സി) വായ്പാ കുടിശ്ശിക ഒഴിവാക്കുന്നതിനായി എന്തൊക്കെ ഇളവുകൾ നൽകുമെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 3556.29 കോടി രൂപയുടെ അധിക നിക്ഷേപം സമാഹരിച്ചു.

(ബി) കണ്ണൂർ, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളാണ് മുൻപന്തിയിൽ.

(സി) സഹകരണ മേഖലയിലെ വായ്പാ കുടിശ്ശിക ഒഴിവാക്കുന്നതിനായി എല്ലാ വർഷവും ഫെബ്രുവരി മാസത്തിൽ കുടിശ്ശിക നിവാരണം ശതശതമാനം കേരളീയം എന്ന കാമ്പയിൻ സംഘടിപ്പിച്ചുവരുന്നു. കുടിശ്ശികയായ വായ്പകളുടെ പിഴപ്പലിശ, നോട്ടീസ് ചാർജ്ജ്, മറ്റു ചെലവുകൾ എന്നിവ ഇളവ് ചെയ്തു നൽകുന്നു. കുടിശ്ശികയായ വായ്പകൾ എടുക്കുമ്പോൾ നിലനിന്നിരുന്ന പലിശ നിരക്കോ, കാമ്പയിൻ കാലയളവിൽ നിലവിലുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരമുള്ള പലിശ നിരക്കിൽ, പലിശ മുതലിനെ അധികരിക്കാതെ, 10% മുതൽ 15% വരെ എസ്റ്റാബ്ലിഷ്മെന്റ് ചാർജ്ജ് കൂടി ഈടാക്കിക്കൊണ്ട് മുതലും പലിശയുൾപ്പെടെ അടച്ച് കുടിശ്ശികയായ വായ്പ അടച്ചുതീർക്കുന്നതിനുള്ള ആനുകൂല്യം നൽകുന്നു.

രണ്ട് ഏക്കർ വരെ കൃഷിഭൂമിയുള്ള കർഷകർ എടുക്കുന്ന 25,000 രൂപ വരെയുള്ള വായ്പ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ മുതലിന്റെ 5% പ്രോത്സാഹനമായി അനുവദിക്കുന്നു. കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്കുള്ള പ്രോത്സാഹനം എന്ന നിലയിൽ ഹ്രസ്വകാല കാർഷികവിള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുമ്പോൾ 2% പലിശ ഇളവ് വായ്പക്കാരന് നബാർഡ് അനുവദിക്കുന്നു.

സഹകരണസംഘങ്ങൾ ഗിഫ്റ്റ് നൽകുന്ന നടപടി

35(2287) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ നിയമപ്രകാരം അംഗങ്ങൾക്ക് ഗിഫ്റ്റ് നൽകുന്നത് ശരിയാണോ ;

(ബി) സഹകരണസംഘങ്ങളും ബാങ്കുകളും അംഗങ്ങൾക്ക് ഗിഫ്റ്റ് നൽകുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ ഉണ്ടോ ;

(സി) സംഘങ്ങൾ നിയമപ്രകാരമല്ലാതെ ഗിഫ്റ്റ് നൽകുന്നതിന് ചെലവഴിച്ച തുക ഓഡിറ്റിൽ തടഞ്ഞുവച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത തുക ബന്ധപ്പെട്ട രേണസമിതികളിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സഹകരണ സംഘത്തിലെ അംഗങ്ങൾക്ക് ഗിഫ്റ്റ് നൽകുവാൻ 1969-ലെ കേരള സഹകരണ സംഘം നിയമത്തിൽ വ്യവസ്ഥയില്ല. സംഘത്തിന്റെ ലാഭവിഹിതം വിഭജിക്കുന്നതു സംബന്ധിച്ച വകുപ്പ് 56-ൽ

LIBRARY ARCHIVES Kerala Legislative Assembly